(സി) പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറും ജില്ലാ പ്രോഗ്രാം ഓഫീസർമാരും എല്ലാ മാസവും സമർപ്പിക്കുന്ന കെട്ടിട നിർമ്മാണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നത്.

(ഡി) ആദ്യഘട്ടമായി നടപ്പിലാക്കിയിട്ടുള്ള 42 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭഘട്ടത്തിലാണ്. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ തമ്മിൽ ആശയക്കുഴപ്പം നിലനിൽക്കുന്നില്ല. മലപ്പുറം ജില്ലയിലെ മുതുവല്ലൂർ (അങ്കണവാടി നമ്പർ 100), പുളിക്കൽ (അങ്കണവാടി നമ്പർ 5) എന്നിവയുടെ കെട്ടിട നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണമാരംഭിച്ചിട്ടില്ല.

സ്ത്രീ സമത്വ-ശാക്തീകരണം നയരൂപീകരണം

294 (1667) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്ത്രീ സമത്വ-ശാക്തീകരണ വിഷയത്തിൽ നയരൂപീകരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രത്യേകതകൾ വിശദമാക്കുമോ ;

(ബി) മൂന്നാം ലിംഗക്കാരുടെ ആവശ്യങ്ങളും താല്പര്യങ്ങളും ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്നും, അവയ്ക്ക് പ്രാധാന്യം നൽകി നയത്തിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്ത്രീ സമത്വ-ശാക്തീകരണ വിഷയങ്ങളിൽ നയരൂപീകരണം നടത്തിയിട്ടുണ്ട്. ആയതിന്റെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു :

1. എല്ലാ അതിക്രമങ്ങളിൽനിന്നും വിശിഷ്യാ ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽനിന്നും സംരക്ഷണവും മോചനവും ഉറപ്പാക്കുക.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. സ്ത്രീകൾക്ക് ജീവനോപാധിക്കുള്ള അവകാശത്തിനായി അവരുടെ കഴിവുകളിന്മേലും വിജ്ഞാന ഉറവിടത്തിൻമേലും ഉടമസ്ഥാവകാശവും നിയന്ത്രണവും ബാധ്യതയും ഉറപ്പാക്കി നിർഭയമായി ജോലി ചെയ്യുന്നതിന് സാമൂഹ്യ സംരക്ഷണം ഉറപ്പാക്കുക.

3. സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളിൽ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ വിഷയങ്ങളിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾക്കും തീരുമാനങ്ങൾക്കും കരുത്ത് നൽകുക.

(ബി) പ്രസ്തുത നയത്തിൽ മൂന്നാം ലിംഗക്കാരുടെ ആവശ്യങ്ങളും താല്പര്യങ്ങളും ആരാഞ്ഞിട്ടില്ല.

അട്ടർ നിയോജകമണ്ഡലത്തിൽ മാതൃകാ അംഗൻവാടി പദ്ധതി

295 (1668) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അട്ടർ നിയോജകമണ്ഡലത്തിൽ മാതൃകാ അംഗൻവാടി പദ്ധതി അംഗീകരിച്ചിട്ടുള്ളത് ആരുടെ ശിപാർശ പ്രകാരമാണ്എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമായതനുസരിച്ച് നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) അട്ടർ നിയോജകമണ്ഡലത്തിൽ ബന്ധപ്പെട്ട സ്ഥലം എം.എൽ.എ.-യുടെ ശുപാർശ പ്രകാരമാണ് മാതൃകാ അങ്കണവാടി പദ്ധതി അംഗീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മാതൃകാ അങ്കണവാടി

296 (1669) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഏതെല്ലാം മണ്ഡലങ്ങളിലാണ് മാതൃകാ അങ്കണവാടി അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly